# പിറവം നഗരസഭ

R2-4417/17 24.02.2022

## ക്വട്ടേഷൻ/ലേല നോട്ടീസ്

### (മാർക്കറ്റ്, ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ, ഓപ്പൺ എയർ തീയറ്റർ)

മാന്യരേ,

പിറവം നഗരസഭ വക മാർക്കറ്റ്, ബസ്സ്റ്റാന്റ് ഫീസ് പിരിവ്, കംഫർട്ട് സ്റ്റേഷൻ, ഓപ്പൺ എയർ തിയേറ്റർ എന്നിവകളിൽ നിന്നും 01.04.2022 മുതൽ 31.03.2023 വരെയുള്ള കാലത്തേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം, 19.02.2022-ലെ 17-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം **നഗരസഭാ കോൺഫറൻസ് ഹാളിൽ വച്ച് 04.03.2022 തീയതി വെള്ളിയാഴ്ച്ച രാവിലെ 11.30-ന്** പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കണമെന്നുള്ളവർ അന്നേ ദിവസം രാവിലെ 11 മണിക്ക് മുമ്പായി നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. നിരതദ്രവ്യം ഒടുക്കാത്തവരും നഗരസഭയിൽ ഏതെങ്കിലും വിധത്തിലുള്ള കുടിശിക ഉള്ളവർക്കും ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുവാനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല. നിരതദ്രവ്യം അടയ്ക്കുന്നതിനോടൊപ്പം പാൻകാർഡിന്റെ പകർപ്പ് നൽകേണ്ടതാണ്.

| ഇനം | നിരത ദ്രവ്യം | ലേലം ആരംഭിക്കുന്ന തുക |
|---|---|---|
| ബസ് സ്റ്റാന്റ് ഫീസ് പിരിവ് | 10,000/- | 5,78,375/- |
| മാർക്കറ്റ് ഫീസ് പിരിവ് | 10,000/- | 1,17,000/- |
| കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | 5,000/- | 41,600/- |
| ഓപ്പൺ എയർ തീയറ്റർ ഫീസ് പിരിവ് | 5,000/- | 26,500/- |

**ലേല വ്യവസ്ഥകൾ:-**

1. **ബസ്സ്റ്റാന്റ്/മാർക്കറ്റ് ഫീസ് പിരിവിന് ലേല ദിവസം രാവിലെ 11 മണി വരെ സീൽഡ് ക്വട്ടേഷനുകൾ സ്വീകരിക്കുന്നതാണ്.** ലേലം പൂർത്തിയാകുന്ന മുറയ്ക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതാണ്.

2. പൊതുമാർക്കറ്റിൽ ഉൽപ്പന്നങ്ങളുമായി കച്ചവടത്തിനെത്തുന്നവരിൽ നിന്നും ഒരു ദിവസം വാങ്ങാവുന്ന തറവാടക പത്തുരൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

3. ബസ്സ്റ്റാന്റിൽ പ്രവേശിക്കുന്ന സ്വകാര്യബസുകളിൽ നിന്നും ഒരു ദിവസം വാങ്ങാവുന്ന ഫീസ് ഇരുപതുരൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

4. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം / ക്വട്ടേഷൻ കൊണ്ടവരുടെ പേരിൽ ആയത് താൽക്കാലികമായി ഉറപ്പിക്കുന്നതും തുകയുടെ 60% മുൻകൂറായി അപ്പോൾത്തന്നെ നഗരസഭയിൽ ഒടുക്കി രസീത് വാങ്ങേണ്ടതുമാണ്. മുൻകൂർ തുക അടയ്ക്കാത്തപക്ഷം, ടിയാന്റെ നിരതദ്രവ്യം നഗരസഭാഫണ്ടിൽ മുതൽക്കൂട്ടി അപ്പോൾതന്നെ പുനർലേലം നടത്തുന്നതുമാണ്. ലേല / ക്വട്ടേഷൻ തുക 50000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും അപ്പോൾ തന്നെ അടയ്ക്കേണ്ടതാണ്.

5. ലേലം / ക്വട്ടേഷൻ നഗരസഭ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന പ്രകാരം 60% കഴിച്ചുള്ള ബാക്കി മുഴുവൻ തുകയും ഒടുക്കി 200 രൂപയുടെ മുദ്രപ്പത്രത്തിൽ 15 ദിവസത്തിനകം എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. തുക ഗഡുക്കളായി അടയ്ക്കുവാനാഗ്രഹിക്കുന്നവർക്ക് 2 ഗഡുവായി അടയ്ക്കുന്നതിന് അനുമതി നൽകുന്നതും എന്നാൽ ടി തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് നിശ്ചിത ദിവസത്തിനകം എഗ്രിമെന്റ് സമർപ്പിക്കാത്ത പക്ഷം കുത്തകയിൽ നിന്നും ഒഴിവാക്കുന്നതും, ഒടുക്കിയിട്ടുള്ള തുകയും, EMD-യും നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടുന്നതുമാണ്.

6. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി തുക ഗഡുക്കളായി അടയ്ക്കുന്നയാൾ തുക 2 തുല്യ ഗഡുക്കളായി 2022 ജൂൺ 30, 2022 സെപ്റ്റംബർ 30 എന്നീ തീയതികൾക്കകമായി അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം 18% പലിശ സഹിതം തുക വസൂൽ ചെയ്യുന്നതാണ്.

7. മാർക്കറ്റ് ഫീസ് പിരിവ്, ബസ്സ്റ്റാന്റ് ഫീസ് പിരിവ് എന്നിവയ്ക്ക് തുകയുടെ 18% ജി.എസ്.ടിയും, 2% ഐ.ടിയും അടയ്ക്കേണ്ടതാണ്.

8. ലേലം/ക്വട്ടേഷൻ സമയം കെട്ടിവയ്ക്കുന്ന നിരതദ്രവ്യം കാലാവധിക്കുശേഷം മാത്രമേ തിരികെ ലഭിക്കുകയുള്ളൂ.

9. ലേലം/ക്വട്ടേഷൻ അവകാശം വിനിയോഗിക്കുന്നതിൽ നിലവിലുള്ള വ്യവസ്ഥകളും കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളും, നഗരസഭയും നിർദ്ദേശിക്കുന്ന വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

10. കരാർ വ്യവസ്ഥകൾ ലംഘിക്കുന്നതായി നഗരസഭയ്ക്ക് ബോദ്ധ്യപ്പെട്ടാൽ, കരാർ റദ്ദാക്കുന്നതും ലേലം/ക്വട്ടേഷൻ അവകാശം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം/ക്വട്ടേഷൻ ചെയ്യുന്നതിനോ നേരിട്ട് ഫീസ് പിരിച്ചെടുക്കുന്നതിനോ നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

11. സെക്യൂരിറ്റി തുകക്കോ നിരതദ്രവ്യത്തിനോ പലിശ ലഭിക്കുന്നതല്ല.

12. ലേലം/ക്വട്ടേഷൻ അംഗീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും, മറ്റൊരറിയിപ്പില്ലാതെ ലേലം മാറ്റി വയ്ക്കുന്നതിനോ, ഏതിന്റെ യെങ്കിലും ലേലം റദ്ദു ചെയ്യുന്നതിനോ ഉള്ള അധികാരം നഗരസഭാ കൗൺസിലിന്/സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് നഗരസഭാ ആഫീസുമായി ബന്ധപ്പെടുക.
(ഫോൺ 0485-2242339)

സെക്രട്ടറി
പിറവം നഗരസഭ